*13-10-2026*

*Calling Attention*

**ശ്രദ്ധ ക്ഷണിക്കൽ**

(1) സർക്കാർ ആശുപത്രികളിലെ ചികിത്സാ-അടിസ്ഥാന സൗകര്യങ്ങളുടെ മെച്ചപ്പെടുത്തലും നവീകരണവും

ശ്രീ. എൻ. ശക്തൻ: സർ, കേരളത്തിൽ പുതിയ സർക്കാർ അധികാരത്തിൽ വരികയും ബഹുമാനപ്പെട്ട കെ. മുരളീധരൻ ആരോഗ്യ വകുപ്പുമന്ത്രിയായി വരികയും ചെയ്തതിനുശേഷം കേരളത്തിൽ ആരോഗ്യരംഗത്ത് വലിയ മാറ്റം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഈ രംഗത്ത് ഇത്രയും കാര്യമായ മാറ്റം നേടിയെടുക്കുന്ന ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെ ആദ്യമായി ഞാൻ അഭിനന്ദിക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിലെ ചില പ്രധാന ആശുപത്രികളുടെ കാര്യമാണ് ഞാൻ ഇന്നിവിടെ ഉന്നയിക്കുന്നത്. ഒരു ജനറൽ ആശുപത്രി ഉൾപ്പെടെ പത്ത് ആരോഗ്യ സ്ഥാപനങ്ങൾ എന്റെ നിയോജകമണ്ഡലത്തിലുണ്ട്. അതിൽ രണ്ട് ഫാമിലി ഹെൽത്ത് സെന്ററുകളിൽ രോഗികളെ കിടത്തിചികിത്സിക്കുന്ന സംവിധാനം ഉണ്ടായിരുന്നു. അത് മുൻ സർക്കാരിന്റെ കാലത്ത് നിർത്തലാക്കുകയുണ്ടായി. ഏകദേശം പതിനഞ്ച് വർഷത്തോളം പ്രവർത്തിച്ചുകൊണ്ടിരുന്നതും ഇരുപത്തിനാല് രോഗികളെവരെ

*Calling Attention*

കിടത്തി ചികിത്സിച്ചിരുന്നതുമായ പൊഴിയൂർ ഫാമിലി ഹെൽത്ത് സെന്ററിലും കിടത്തിചികിത്സ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിർത്തലാക്കി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ടാഴ്ചമുമ്പ് കോസ്റ്റൽ ഏരിയയായ പൊഴിയൂരിൽ വന്നിരുന്നു. ഈ ആശുപത്രിയിലുണ്ടായിരുന്ന കിടത്തി ചികിത്സാ സംവിധാനം പുനഃരാരംഭിക്കണം എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ജലവിഭവ വകുപ്പുമന്ത്രിയോടും അവിടുത്തെ ജനങ്ങളെല്ലാം ഒറ്റക്കെട്ടായി  ആവശ്യപ്പെട്ടത്. 12 വർഷം തുടർച്ചയായി രോഗികളെ കിടത്തി ചികിത്സിച്ചുകൊണ്ടിരുന്ന ആശുപത്രിയിൽ കഴിഞ്ഞ ഗവൺമെന്റ് നിർത്തലാക്കിയ കിടത്തി ചികിത്സാ സംവിധാനം പുനരാരംഭിക്കണമെന്നതാണ് ഞാൻ ഒന്നാമതായി ആവശ്യപ്പെടുന്നത്.  മറ്റൊന്ന്, ഏതാണ്ട് 50 കിടക്കകൾ ഉണ്ടായിരുന്നതും 50 കിടക്കകളിലും രോഗികൾ സ്ഥിരമായി ഉണ്ടായിരുന്നതുമായ ചെങ്കൽ ഫാമിലി ഹെൽത്ത് സെന്ററിലെ കിടത്തി ചികിത്സാ സംവിധാനവും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിർത്തലാക്കുകയുണ്ടായി. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പ്രത്യേകിച്ച് ഉമ്മൻചാണ്ടി സർക്കാരിന്റെ കാലഘട്ടത്തിൽ കിടത്തി ചികിത്സ ആരംഭിച്ച രണ്ട് പ്രധാനപ്പെട്ട ഫാമിലി ഹെൽത്ത് സെന്ററുകളിലും ഉണ്ടായിരുന്ന കിടത്തി ചികിത്സാ സംവിധാനം

Calling Attention

പുനരാരംഭിക്കണം എന്നാണ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുന്നത്. അടുത്തതായി ഞാൻ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ സ്ഥിതിയെക്കുറിച്ചാണ് പറയുന്നത്. ജില്ലാ ആശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്തിയിട്ട് 13 വർഷം കഴിഞ്ഞു. ഇന്നും ജനറൽ ആശുപത്രിയിൽ താലൂക്ക് ആശുപത്രിയുടെ സംവിധാനം മാത്രമെ നിലവിലുള്ളൂ. ഒരു ദിവസം 2500-നും 2700-നും ഇടയിൽ ഒ.പി. ഉള്ളതാണ്. ഇത്രയുമധികം ഒ.പി. ഉണ്ടായിരുന്നിട്ടും, വരുന്ന രോഗികളിൽ 10 ശതമാനത്തെ പോലും അഡ്മിറ്റ് ചെയ്യാനുള്ള അവസ്ഥയുണ്ടെങ്കിൽ പോലും അഡ്മിറ്റ് ചെയ്യാൻ കഴിയുന്നില്ല. സാധാരണ ജനറൽ ഹോസ്പിറ്റലിൽ ഏതാണ്ട് 700 ബെഡ് ഉണ്ടാകും. അവിടെ വെറും 395 ബെഡുകളാണുള്ളത്. 2500-ൽ കൂടുതൽ രോഗികൾ വരുമ്പോൾ അതിൽ ഇരുനൂറ് രോഗികൾ അഡ്മിറ്റ് ചെയ്യാനുള്ള അവസ്ഥയിലായിരിക്കും. അഡ്മിറ്റ് ചെയ്യാൻ ബെഡില്ലാത്തതു കാരണം അഡ്മിറ്റ് ചെയ്യേണ്ട രോഗികളെ പോലും അഡ്മിറ്റ് ചെയ്യാതെ തിരികെ അയയ്ക്കുന്ന ദയനീയ സ്ഥിതിയാണുള്ളത്. ഡോക്ടറെ കാണാൻ വരുന്ന രോഗികൾക്ക് നീണ്ട മണിക്കൂറുകൾ ക്യൂവിൽ നിന്ന് വിഷമിക്കുന്ന സ്ഥിതിയാണുള്ളത്. അടുത്ത കാലത്ത് അവിടെ സംഭവിച്ച

*Calling Attention*

കാര്യങ്ങൾ ഞാനിവിടെ പറയുന്നില്ല. നീണ്ട ക്യൂവിൽനിന്ന് സംഭവിച്ചതാണ്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. അവിടെ അടിയന്തരമായി എല്ലാ സൗകര്യങ്ങളുമുള്ള ഒരു ബഹുനില കെട്ടിടം പണിയണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. അവിടെ അതിനുള്ള സൗകര്യമുണ്ട്, ആശുപത്രിയിൽ 50 വർഷത്തിൽ കൂടുതൽ പഴക്കമുള്ള  ഉപയോഗിക്കാതെ കിടക്കുന്ന ഒരു കെട്ടിടമുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ച 6 കോടി രൂപയും ഈ ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ച 11 കോടി രൂപയും കെട്ടിട നിർമ്മാണത്തിനായുണ്ട്. ബാക്കിയുള്ള തുകയ്ക്കായി നബാർഡിലേയ്ക്ക് ശിപാർശയും നൽകിയിട്ടുണ്ട്. അവിടെ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് നിർബന്ധമായും അടിയന്തരമായി ഒരു ബഹുനില കെട്ടിടം പണിയണം, കൂടുതൽ വാർഡുകൾ വേണം. നെയ്യാറ്റിൻകര ജനറൽ ആശുപത്രി സ്ഥിതി ചെയ്യുന്നത് നാഗർകോവിൽ തിരുവനന്തപുരം ദേശീയ പാതയുടെ സമീപത്താണ്. ദേശീയപാതയിൽ ദിവസവും നിരവധി അപകടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അപകടം സംഭവിക്കുന്നവരെ ഈ ആശുപത്രിയിൽ പ്രവേശിപ്പിച്ച് ചികിത്സിക്കാൻ സാധിക്കുന്നില്ല.

*Calling Attention*

അവരെ തിരുവനന്തപുരം മെഡിക്കൽകോളേജിലേക്ക് കൊണ്ടുപോകേണ്ടിവരുന്നു. അവർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തുമ്പോഴേയ്ക്കും പലരും മരിച്ചുപോകുന്ന അവസ്ഥയാണുള്ളത്. എത്രയോ ആളുകൾ ആവശ്യമായ ചികിത്സാ സൗകര്യമില്ലാത്തതു കാരണം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എത്തിക്കുന്നതിന് മുമ്പ് മരിച്ചുപോകുന്നു. അതിനാൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടാനുള്ളത്, അടിയന്തരമായി ഒരു ട്രോമ കെയർ യൂണിറ്റ് നെയ്യാറ്റിൻകര ആശുപത്രിയിൽ അനുവദിക്കണം. അത് വളരെ അത്യാവശ്യമാണ്. അത് ഒരുപാട് ആളുകളുടെ ജീവൻ രക്ഷിക്കാൻ സാധിക്കും എന്നുകൂടി ഞാൻ പറയട്ടെ. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പ്രധാനപ്പെട്ട വകുപ്പുകളൊന്നുമില്ല. ആശുപത്രിയായി പ്രവർത്തിക്കുന്നുണ്ടെങ്കിൽ പോലും നെഫ്രോളജി ഡിപ്പാർട്ടുമെന്റില്ല. ഒരു മാസം ഇരുനൂറിലധികം രോഗികൾക്ക് ഡയാലിസിസുകൾ നടക്കുന്നു. ഒരു നെഫ്രോളജിസ്റ്റുപോലും അവിടെയില്ല. അടിയന്തരമായി നെഫ്രോളജി ഡിപ്പാർട്ടുമെന്റ് ആരംഭിക്കണമെന്നും അതിനാവശ്യമായ ഡോക്ടർമാരെ നിയമിക്കണമെന്നും അഭ്യർഥിക്കുകയാണ്. കാർഡിയോളജി, ന്യൂറോളജി,

*Calling Attention*

യൂറോളജി, ഗ്യാസ്ട്രോഎൻട്രോളജി, കാൻസർ യൂണിറ്റ് മുതലായ അത്യാവശ്യമുള്ള ഒരു യൂണിറ്റും നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഇല്ല. കോവളം, നെയ്യാറ്റിൻകര, പാറശ്ശാല, കാട്ടാക്കട എന്നീ നാല് നിയോജകമണ്ഡലത്തിലെ ഏകദേശം 8 ലക്ഷത്തോളം ആളുകൾ ആശ്രയിക്കുന്ന ഒരേയൊരു ആശുപത്രി നെയ്യാറ്റിൻകര ജനറൽ ആശുപത്രിയാണ്. ഒരു താലൂക്കാശുപത്രിയുടെ സൗകര്യം പോലുമില്ലാത്ത നെയ്യാറ്റിൻകര ജനറൽ ആശുപത്രിയെ തിരുവനന്തപുരം ജനറൽ ആശുപത്രിയുടെ സ്ഥിതിയിലേയ്ക്ക് ഉയർത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. പാവപ്പെട്ട ആളുകൾക്ക് അത് വളരെ പ്രയോജനപ്പെടും. പ്രത്യേകിച്ച് സ്വകാര്യ ആശുപത്രിയിൽ ചികിത്സയ്ക്കായി പോകുന്ന വളരെ പാവപ്പെട്ടവർക്ക് അവരുടെ ചികിത്സയ്ക്കായി മേൽ സൂചിപ്പിച്ച ആവശ്യങ്ങൾ അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയാണ്.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ജനറൽ ഹോസ്പിറ്റൽ ഉൾപ്പെടെ പത്ത് സർക്കാർ ആരോഗ്യ സ്ഥാപനങ്ങളാണ് പ്രവർത്തിച്ചുവരുന്നത്.

*13-10-2026*

*Calling Attention*

നിലവിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾക്ക് മുകളിലുള്ള താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികൾ, മറ്റ് സ്പെഷ്യാലിറ്റി ആശുപത്രികൾ എന്നിവിടങ്ങളിലാണ് കിടത്തി ചികിത്സാ സൗകര്യം നിലവിലുള്ളത്. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ പ്രധാനമായും ബ്ലോക്ക് തലത്തിൽ പ്രാഥമിക ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നതിനും പൊതുജനാരോഗ്യ പരിപാടികളുടെ ഏകോപനത്തിനും നിർവഹണത്തിനും ലക്ഷ്യമിട്ടുള്ള സ്ഥാപനങ്ങളാണ്. നിലവിലുള്ള സി.എച്ച്.സി.-കളുടെ അംഗീകൃത തസ്തിക ഘടന കിടത്തി ചികിത്സാ സൗകര്യങ്ങൾ ആരംഭിക്കുന്നതിന് പര്യാപ്തമല്ല. സി.എച്ച്.സി.-കളിൽ കിടത്തി ചികിത്സാ വിഭാഗം ആരംഭിക്കുന്നതിന് ഡോക്ടർമാർ, നേഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ, മറ്റ് ആശുപത്രി ജീവനക്കാർ എന്നിവരുടെ മതിയായ ലഭ്യത ഉറപ്പാക്കേണ്ടതുണ്ട്. കൂടാതെ രോഗികൾക്കുള്ള കിടക്കകൾ, വാർഡുകൾ ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ, മരുന്നുകൾ ലബോറട്ടറി സേവനങ്ങൾ, ശുചിത്വ സൗകര്യങ്ങൾ, അണുബാധ നിയന്ത്രണ സംവിധാനങ്ങൾ, അടിയന്തര സാഹചര്യങ്ങളിൽ രോഗികളെ കൈകാര്യം

ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ എന്നിവയും സജ്ജമാക്കേണ്ടതുണ്ട്. ദിവസേന 2500-ഓളം രോഗികൾ ഒ.പി.-യിലെത്തുന്ന നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ 10 നിലകളുള്ള ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടം പണിയുന്നതിന് 6 കോടി രൂപ അനുവദിക്കുകയും കൂടാതെ ഈ സർക്കാർ 5 കോടി രൂപകൂടി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ICU കെട്ടിടത്തിന്റെ നിർമ്മാണം 70 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. 23-12-2025-ലെ ഉത്തരവുപ്രകാരം നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (റേഡിയോ ഡയഗ്നോസിസ്) 01 തസ്തികയും ജൂനിയർ കൺസൾട്ടന്റ് (ഫോറൻസിക് മെഡിസിൻ) 01 തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ നിലവിൽ ട്രോമാകെയർ സംവിധാനം പ്രവർത്തിക്കുന്നുണ്ട്.

<u>മി. സ്പീക്കർ</u>: ദീർഘമായ ഉത്തരമാണോ?

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. കെ. മുരളീധരൻ</u>): ഇല്ല, ഇപ്പോൾ അവസാനിപ്പിക്കാം. 26 ഡയാലിസിസ് മെഷീൻ പ്രവർത്തനസജ്ജമാണ്. ലാബ് പ്രവർത്തനവും മെച്ചപ്പെട്ട രീതിയിൽ നടന്നുവരുന്നു. പേവാർഡ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബ്ലഡ് ബാങ്ക്

പ്രവർത്തനസജ്ജമാണ്. ആശുപത്രി വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ചെലവ് പ്ലാൻ ഫണ്ടിൽനിന്നും വഹിക്കുന്നതിന് ഉത്തരവാകുകയും കണ്ടിജൻസി ചാർജ്ജായി 50 ലക്ഷം രൂപ കൈമാറുകയും ചെയ്തിട്ടുണ്ട്. നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. ആശുപത്രി കെട്ടിടങ്ങളുടെ മെയിന്റനൻസിനായി ജില്ലാ പഞ്ചായത്തിൽ നിന്നും 25 ലക്ഷം രൂപ 2026-27 സാമ്പത്തിക വർഷത്തേയ്ക്കുള്ള പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പൊഴിയൂർ, ചെങ്കൽ എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ള സ്ഥാപനങ്ങളാണ്. ഇവിടെയാണ് ബഹുമാനപ്പെട്ട അംഗം കിടത്തി ചികിത്സാ സംവിധാനം വേണമെന്ന് ആവശ്യപ്പെട്ടത്. പൊഴിയൂർ കോസ്റ്റൽ ബെൽറ്റ് കൂടിയായതുകൊണ്ട് അതിന് പ്രത്യേക പരിഗണന നൽകി പരിശോധിക്കുന്നതാണ്. മറ്റ് കാര്യങ്ങളിലും സർക്കാരിന്റെ ഭാഗത്തുനിന്നും അനുകൂലമായ നടപടികളുണ്ടാകും.

*13-10-2026*

*Calling Attention*

<u>ശ്രീ. എൻ. ശക്തൻ</u>: ഫാമിലി ഹെൽത്ത് സെന്ററിൽ രോഗികളെ കിടത്തിചികിത്സിക്കില്ലെന്നാണ് ബഹുപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി സൂചിപ്പിച്ചത്. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ചോദിക്കുന്നത്, 15 വർഷം തുടർച്ചയായി രോഗികളെ കിടത്തി ചികിത്സിച്ച ആശുപത്രി, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അത് അസാനിപ്പിച്ചുവെങ്കിൽ അത് ആരംഭിക്കുന്നതിന് എന്താണ് തടസ്സം. 15 വർഷം രോഗികളെ കിടത്തി ചികിത്സിച്ച ആശുപത്രിയിൽ അതിനുള്ള സൗകര്യങ്ങളില്ലേ? ഉണ്ട്, അവിടെ എല്ലാ സൗകര്യങ്ങളുമുണ്ട്. അതുകൊണ്ട് ചെങ്കൽ, പൊഴിയൂർ ഫാമിലി ഹെൽത്ത് സെന്ററുകളിൽ ഉണ്ടായിരുന്ന കിടത്തി ചികിത്സാ സംവിധാനം പുനഃരാരംഭിക്കണമെന്ന് ഞാൻ വീണ്ടും ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുകയാണ്. അത് അത്യാവശ്യമാണ്. അത് 50 പേരെ കിടത്തി ചികത്സിക്കാൻ സൗകര്യമുള്ള ആശുപത്രിയാണ്, കിടത്തി ചികത്സിച്ചിരുന്നതാണ്. 15 വർഷം അത് പ്രവർത്തിച്ചു. രണ്ട് സ്ഥലത്തും കിടത്തി ചികിത്സാ സൗകര്യം അനുവദിക്കണമെന്ന് ആവശ്യപ്പെടുന്നു. അതോടൊപ്പം തിരുവനന്തപുരം ജനറൽ ആശുപത്രിയുടെ സ്ഥിതിയിലേയ്ക്ക് നെയ്യാറ്റിൻകര ജനറൽ ആശുപത്രിയെ ഉയർത്തണമെന്നുകൂടി ബഹുമാനപ്പെട്ട

*Uncorrected/Not for publication*

*13-10-2026*

*Calling Attention*

ആരോഗ്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ കഴിഞ്ഞ കോവിഡിന് ശേഷം കിടത്തി ചികിത്സാ സംവിധാനങ്ങളില്ല. കൂടുതൽ സംവിധാനങ്ങൾ പുനരാരംഭിക്കണമെങ്കിൽ ആവശ്യത്തിനുള്ള ഡോക്ടർമാരും സ്റ്റാഫും വേണം. വെറുതെ പ്രഖ്യാപിച്ചാൽ പോര. അതിനനുസരിച്ചുള്ള സ്റ്റെങ്ങ്ത് ആയതിനുശേഷം.......... എന്നാൽ പൊഴിയൂർ കോസ്റ്റൽ ബെൽറ്റ് ആയതുകൊണ്ട് പ്രത്യേക പരിഗണന നൽകുന്നതാണ്. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പ്രോജക്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞാൽ മികച്ച നിലവാരത്തിലുള്ള ആശുപത്രിയായി മാറും. ബാക്കിയുള്ള സംവിധാനങ്ങൾ സംസ്ഥാന ഗവൺമെന്റ് ഒരുക്കികൊടുക്കുന്നതാണ്.

(2) ദേശീയപാത 66, എം.സി. റോഡ് എന്നിവയുടെ വികസനം ത്വരിതപ്പെടുത്തൽ

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കേരളത്തിലെ പ്രധാനപ്പെട്ട ദേശീയപാത 66-ന്റെയും എം.സി. റോഡിന്റെയും നിർമ്മാണവും സൗകര്യങ്ങൾ മെച്ചപ്പെടുത്തലുമായി ബന്ധപ്പെട്ട വിഷയമാണ് ഈ

*Calling Attention*

ശ്രദ്ധക്ഷണിക്കലിലൂടെ ഉന്നയിക്കുന്നത്. പാറശ്ശാല മുതൽ കാസർഗോഡ് വരെയുള്ള പ്രധാനപ്പെട്ട ദേശീയപാതകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുകയാണ്. എന്നാൽ നിലവിൽ പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുടെ വേഗത കുറഞ്ഞിരിക്കുകയാണ്. ഇന്ന് സഭയിൽ ഉന്നയിച്ച മറ്റൊരു ചോദ്യത്തിന്റെ ഭാഗമായി നിർമ്മാണ വസ്തുക്കളുടെ ലഭ്യത സംബന്ധിച്ച പ്രശ്നങ്ങൾ ഉന്നയിക്കുകയുണ്ടായി. നിർമ്മാണ വസ്തുക്കളുടെ ലഭ്യതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും കേന്ദ്ര സർക്കാരിന്റെ നയങ്ങളും വളരെ നല്ല രീതിയിൽ പ്രവർത്തനം നടന്നുകൊണ്ടിരുന്ന ദേശീയപാത 66-ന്റെയും എം.സി. റോഡിന്റെയും നിർമ്മാണ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിരിക്കുകയാണ്. അവർ പറഞ്ഞ കാലാവധി പ്രകാരം ടി പ്രവൃത്തി പൂർത്തീകരിക്കേണ്ട സമയം കഴിഞ്ഞിരിക്കുകയാണ്. മറ്റ് സംസ്ഥാനങ്ങളെക്കാൾ വ്യത്യസ്തമായി ദേശീയപാത നിർമ്മാണ പ്രവർത്തനങ്ങളോടനുബന്ധിച്ച് സ്ഥലമേറ്റെടുപ്പിന് കേരളം ഏകദേശം 6000 കോടി രൂപ കേന്ദ്ര ഗവൺമെന്റിലേക്ക് അടയ്ക്കേണ്ടതായിവന്നു. കേരളത്തിൽ ഭൂമിയുടെ വില ഉയർന്നതായതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ വൈകിപ്പിക്കുന്ന സാഹചര്യമുണ്ടാവുകയും നിർമ്മാണം

*Calling Attention*

നടത്തുന്നതിനായി മറ്റൊരു സംസ്ഥാനത്തിനുമില്ലാത്ത നിബന്ധന അംഗീകരിക്കേണ്ടിവരികയും ചെയ്തു. അതാണ് ലാൻഡ് അക്യുസേഷനുവേണ്ടി തുക കൊടുക്കേണ്ടിവന്നത്. പ്രസ്തുത തുക സംസ്ഥാനത്തിന്റെ ബോറോയിങ്ങിന്റെ പരിധിയിൽ കുറയ്ക്കുകയും ചെയ്തു. അതിനുപോലും പ്രത്യേകം അനുവാദം നൽകിയില്ല. ഇവയൊക്കെ നേരത്തെ ഈ സഭയിൽ ചർച്ച ചെയ്തിട്ടുള്ള കാര്യങ്ങളാണ്. ഇപ്രകാരം നടപടി സ്വീകരിച്ചൊരു സംസ്ഥാനത്തെ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് കേന്ദ്ര സർക്കാരോ കേന്ദ്ര ഏജൻസികളോ വേണ്ടത്ര താല്പര്യം കാണിക്കുന്നില്ല. അതിന്റെ ഭാഗമായി പൊതുവിൽ നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്നുണ്ട്. അതോടൊപ്പംതന്നെ 2026 ജൂലൈ 9-ന് മെറ്റലും പാറയും മണ്ണും ഉൾപ്പെടെയുള്ള നിർമ്മാണ സാമഗ്രികൾ കേരളത്തിലേക്ക് കൊണ്ടുവരുന്നതിന് തമിഴ്നാട് ഏർപ്പെടുത്തിയ നിയന്ത്രണങ്ങളും തടസ്സങ്ങളും ഇവിടത്തെ നിർമ്മാണ പ്രവൃത്തിയെ സാരമായി ബാധിച്ചിട്ടുണ്ട്. ഇക്കാരണത്താൽ മിക്കവാറും സ്ഥലങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ്. സർവീസ് റോഡിലൂടെയുള്ള യാത്രപോലും ഏറെ അപകടകരമായ

അവസ്ഥയിലാണുള്ളത്. തിരുവനന്തപുരം മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗങ്ങളിലും പ്രധാനപ്പെട്ട പാലങ്ങളിലുമൊക്കെ ഈ സ്ഥിതിവിശേഷം നിലനിൽക്കുകയാണ്. ഇതിന്റെ ഭാഗമായി ധാരാളം സുരക്ഷ പ്രശ്നങ്ങളുമുണ്ടാകുന്നുണ്ട്. തൃശ്ശൂർ കയ്പമംഗലത്ത് നിർത്തിയിട്ടിരുന്ന ലോറിയുടെ പുറകിൽ അമിതവേഗത്തിൽ വന്ന കാറിടിച്ച് എട്ട് എഞ്ചിനീയറിങ് കോളേജ് വിദ്യാർത്ഥികൾ മരണമടഞ്ഞ വാർത്ത ഇന്ത്യയിലാകെ ഞെട്ടലുണ്ടാക്കിയ സംഭവമാണ്. ദേശീയപാതയിൽ വേണ്ടത്ര വെളിച്ചമില്ലായ്മ, ദിശാസൂചകങ്ങളുടെ അഭാവം, ശാസ്ത്രീയമായി വാഹനങ്ങൾ തിരിച്ചുവിടാനുള്ള സംവിധാനങ്ങൾ ഇല്ലായ്മയുമൊക്കെ ഈ കൂട്ടക്കുരുതിക്ക് കാരണമായിട്ടുണ്ട്. ഇത് കരാറുകാരുടെ അനാസ്ഥയാണ് വെളിവാക്കുന്നത്. നേരത്തെ ദേശീയപാതയിലെ അപകടങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ അരൂരിലെ ഉയരപാതയുടെ കാര്യം ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അരൂർ ഉയരപ്പാതയിൽമാത്രം 54 പേരാണ് വിവിധ അപകടങ്ങളിലായി മരണപ്പെട്ടത്. എത്രയോകാലമായി ടി ഉയരപാത ഇങ്ങനെ പണിഞ്ഞുകൊണ്ടിരിക്കുകയാണ്? ഓരോ ദിവസവും ഇത്തരം വാർത്തകൾ

*Calling Attention*

വന്നുകൊണ്ടിരിക്കുകയാണ്. ഇത്തരം അപകടകരമായ വിഷയങ്ങളിന്മേൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും മറ്റു കോടതികളുടെയും നിർദ്ദേശങ്ങളുണ്ടെങ്കിലും ആയത് പാലിക്കപ്പെടുന്നില്ല. അനധികൃത പാർക്കിങ്ങുകളും കച്ചവടങ്ങളും തടയണമെന്നും ഹൈവേ സേഫ്റ്റി ടാസ്ക് ഫോഴ്സ് രൂപീകരിക്കണമെന്നും ബഹുമാനപ്പെട്ട സുപ്രീംകോടതി 2026 ഏപ്രിൽ മാസത്തിൽ നിർദേശിച്ചിട്ടും ആയത് കർശനമായി നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ തയ്യാറായിട്ടില്ല. ബഹു. സുപ്രീം കോടതി നിർദ്ദേശം കർശനമായി നടപ്പിലാക്കേണ്ടതുണ്ട്. ഇതോടൊപ്പം മറ്റൊരു അപകടംകൂടി ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ദേശീയപാതയുടെ മധ്യഭാഗത്തുനിന്ന് 40 മീറ്ററിനുള്ളിൽ വീടുകളും 75 മീറ്റർ പരിധിയിൽ വാണിജ്യ സ്ഥാപനങ്ങളും നിർമ്മിക്കരുതെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി ഒരു ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതൊരു വലിയ പ്രശ്നമാണ്. ഇക്കാര്യത്തിൽ ആദ്യം തദ്ദേശസ്വയംഭരണ വകുപ്പ് അനുമതികൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയെങ്കിലും ആയത് താൽക്കാലികമായി പിൻവലിച്ചിരിക്കുകയാണ്. പക്ഷെ, അങ്ങനെയൊരു ഭീഷണി ഇപ്പോഴും നിലനിൽക്കുകയാണ്. കേരളംപോലെ ഭൂവിസ്തൃതി കുറഞ്ഞ പ്രദേശത്ത്

*Calling Attention*

ഇങ്ങനെയൊരു നിയന്ത്രണം ഏർപ്പെടുത്തിയാൽ വ്യാപാരസ്ഥാപനങ്ങളെയും കമ്പോളങ്ങളെയും ദോഷകരമായി ബാധിക്കും. ഇത്തരം പ്രശ്നങ്ങൾ നിലനിൽക്കുമ്പോൾ തന്നെയാണ് നിർമ്മാണ പ്രവർത്തനങ്ങളും അതിന്റെ ഡി.പി.ആർ. തയ്യാറാക്കലുമൊക്കെ നടക്കുന്നത്. നാഷണൽ ഹൈവേ അതോറിറ്റിയുമായി ബന്ധപ്പെട്ട കമ്പനികളാണ് നിർമ്മാണ പ്രവൃത്തി നടത്തുന്നത്. അവിടെ പല സ്ഥലത്തും മണ്ണ് ഇടിഞ്ഞുതാഴ്ന്നു. ഉദാഹരണത്തിന് മലപ്പുറം, കൊല്ലം ജില്ലകളിൽ നിർമ്മാണത്തിലിരിക്കുന്ന പാതകൾ ഇടിഞ്ഞുതാഴുകയും അലൈൻമെന്റ് സംബന്ധിച്ച പ്രശ്നങ്ങൾ വരികയും ചെയ്തു. ഈഞ്ചക്കൽ മേൽപാലത്തിന്റെ അശാസ്ത്രീയമായ ഡിസൈൻ കാരണം അതിന്റെ പണി തടസ്സപ്പെട്ടിരിക്കുകയാണ്. ഇങ്ങനെയുള്ള നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് നിർബന്ധമായും ഇക്കാര്യത്തിൽ ഇടപെട്ട് ദേശീയപാത പ്രവൃത്തികൾ പൂർത്തീകരിക്കണം. ഇതിന്റെ നിർമ്മാണ ചെലവും ടോളും വർധിക്കും. ഇപ്പോൾ നാട്ടികയിൽ ജനങ്ങളുടെ വലിയ പ്രക്ഷോഭം നടക്കുകയാണ്. അവിടെ ദേശീയപാതയുടെ പ്രവൃത്തി 80 ശതമാനംപോലും പൂർത്തിയാകാതെ ടോൾ ഫിക്സ് ചെയ്തപ്പോൾ പൊതുജനപ്രക്ഷോഭം

*Calling Attention*

ഉണ്ടായതിനെത്തുടർന്ന് ടോൾ പിരിവ് നിർത്തിവച്ചു. ടോൾ പിരിവ് പുനരാരംഭിച്ച സാഹചര്യത്തിൽ അവിടെ വലിയ സമരം നടക്കുകയാണ്. ഇങ്ങനെ പല പ്രശ്നങ്ങളും അവരുടെ ഭാഗത്ത് നിന്നുവരുന്നുണ്ട്. എൻ.എച്ച്.-ന്റെ കാര്യം അടിയന്തരമായിട്ട് പൂർത്തീകരിക്കേണ്ടതാണ്. ഇപ്പോൾ പണി നടക്കുന്ന സ്ഥലങ്ങളിലെല്ലാം വേഗത്തിൽ പോകാൻ പറ്റുന്നുണ്ട്. അങ്ങയുടെയും എന്റെയും മണ്ഡലങ്ങളിൽക്കൂടി പോകുന്നതാണ് എം.സി.റോഡ്. കേരളത്തിന്റെ ഹൃദയധമനിയാണ് എം.സി. റോഡുകൾ. എന്നാൽ രാജഭരണ കാലംമുതലുള്ള പ്രസ്തുത റോഡിന് വേണ്ടത്ര പരിഗണന കിട്ടുന്നില്ല. കാരണം, ജനനിബിഡമായ സ്ഥലങ്ങളിലൂടെ പോകുന്നതുകൊണ്ട് വീതി വർധിപ്പിക്കാൻ ബുദ്ധിമുട്ടുണ്ട്. ചില സ്ഥലങ്ങളിൽ, വലിയ നഗരങ്ങളിൽ ബൈപ്പാസ് വേണം. ചില സ്ഥലങ്ങളിൽ മാത്രമെ ബൈപ്പാസ് വന്നിട്ടുള്ളൂ. വെഞ്ഞാറമൂട്ടിൽ ബൈപ്പാസിന് പകരം ഓവർബ്രിഡ്ജിന്റെ പണി നടക്കുന്നുണ്ട്. കൊട്ടാരക്കരയിൽ ബൈപ്പാസിനുവേണ്ടി തുക അനുവദിച്ച് സ്ഥലമേറ്റെടുപ്പ് നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. അടൂർ ബൈപ്പാസ് നേരത്തേ പൂർത്തീകരിച്ചിട്ടുണ്ട്. അത് അങ്ങേക്ക് നേരിട്ട് അറിയാവുന്ന കാര്യമാണല്ലോ. എന്നാൽ പന്തളത്തോ ചെങ്ങന്നൂരോ ഇത്രയും നന്നായി

*Calling Attention*

പ്രവൃത്തി പുരോഗമിച്ചിട്ടില്ല. തിരുവല്ലയിലും ചങ്ങനാശ്ശേരിയിലും ഇതേ സാഹചര്യമുണ്ട്. ഞാൻ ഓരോ സ്ഥലവും എടുത്തുപറയുന്നില്ല. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലെ പ്രധാന യാത്രാസൗകര്യമാണ് നിർദിഷ്ട റോഡ്. അവിടെ വേണ്ടത്ര തുക അനുവദിച്ച് പൂർത്തകരിക്കാൻ പറ്റിയിട്ടില്ല. കഴിഞ്ഞ ബജറ്റിൽ 5217 കോടി രൂപയുടെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് എം.സി. റോഡ് വികസനത്തിനായി പദ്ധതി വച്ചിരുന്നു. ആ പദ്ധതി പുതുക്കിയ ബജറ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല. ടി പദ്ധതി പൂർത്തിയാക്കാനും എം.സി. റോഡ് വികസനത്തിനും നടപടി സ്വീകരിക്കേണ്ടതുണ്ട്. എം.സി. റോഡിൽ ഗുരുതരമായ അവസ്ഥയിലാണ്, അവിടെ റീസർഫസിങ്പോലും നടന്നിട്ട് ഒട്ടേറെക്കാലമായി. അതിന്റെ സമയം കഴിഞ്ഞിട്ടുണ്ടാകും. ചില സ്ഥലത്തൊക്കെ കുഴി രൂപാന്തരപ്പെട്ട് വെള്ളം കെട്ടിക്കിടക്കുന്ന അവസ്ഥയുണ്ട്. അതൊക്കെ അടിയന്തരമായി പരിഹരിക്കണം. വാളകം, നിലമേൽ എന്നിവിടങ്ങളിൽ വെള്ളക്കെട്ടുണ്ട്. ഇതുപോലുള്ള സ്ഥലങ്ങളിൽ പ്രത്യേകിച്ച് അക്കാര്യങ്ങൾ ചെയ്യണം. കൊട്ടാരക്കര ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട്

## *Calling Attention*

സ്ഥലംമേറ്റെടുപ്പിന്റെ ഭാഗമായി ജില്ലാ കളക്ടറുടെ അക്കൗണ്ടിലേക്ക് തുക കൈമാറിയിട്ടുണ്ട്. ലാൻഡ് ഏറ്റെടുക്കുന്നതിന്റെ അവസാനഘട്ടത്തിൽ എത്തിയതാണ്. അതുപോലുള്ള കാര്യങ്ങൾ പൂർത്തീകരിക്കണം. എം.സി. റോഡിലെ പ്രധാന ജങ്ഷനുകളിൽ ഒരു ബൈപ്പാസെങ്കിലും അനുവദിച്ച് യാത്രാസൗകര്യം മെച്ചപ്പെടുത്തണം. എൻ. എച്ച്. എന്ന് പേരില്ലെന്നേയുള്ളൂ, പക്ഷേ കേരളത്തിലെ ഒരു പ്രധാനപ്പെട്ട നാഷണൽ ഹൈവേയാണ്. സ്റ്റേറ്റ് ഹൈവെയുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. കുറച്ചു ഭാഗം എൻ.എച്ച്. ആയിട്ടുണ്ട്. അതുകൂടി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. ബഷീർ</u>): സർ, ബഹുമാനപ്പെട്ട മുൻ ധനകാര്യ വകുപ്പുമന്ത്രി എല്ലാകാര്യവും ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ മറുപടി പറയേണ്ട കാര്യമില്ല. എല്ലാ അവസ്ഥയും അദ്ദേഹത്തിന് അറിയാം. എൻ.എച്ച്. 66-മായി ബന്ധപ്പെട്ട് എല്ലായിടത്തും 70-80 ശതമാനം പ്രവൃത്തി മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജൂലൈ 7, സെപ്റ്റംബർ 24 എന്നീ തീയതികളിലായി രണ്ടുപ്രാവശ്യം കേന്ദ്ര റോഡ് ഗതാഗത, ഹൈവേ മന്ത്രിയായ ശ്രീ. നിതിൻ ഗഡ്കരിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും ചർച്ച

നടത്തുകയും കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട അംഗത്തിനും അറിയാവുന്നതാണ്. അവർ അവിടെയിരുന്ന് കമാൻഡ് ചെയ്യുകയാണ്. നാട്ടികയുമായി ബന്ധപ്പെട്ട വിഷയം ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചു. അതിന്റെ എസ്റ്റിമേറ്റും ഡി.പി.ആർ.-ഉം പരിശോധിക്കുമ്പോൾ എഗ്രിമെന്റിലും വർക്കിലും 21 കിലോമീറ്റർ സ്ട്രീറ്റ് ലൈറ്റ് ഇല്ല. സാധാരണ ഒരു എസ്റ്റിമേറ്റ് പ്രകാരം എൻ.എച്ച്.-ന്റെ വർക്ക് പൂർത്തീകരിക്കുമ്പോൾ ലൈറ്റുൾപ്പെടെയുള്ള മറ്റെല്ലാ സൗകര്യങ്ങളും ഉണ്ടായിരിക്കണം. എന്നാൽ, അതൊന്നുമില്ലാതെ ടോൾ പിരിക്കുകയാണ്. 90 ശതമാനം പണി പൂർത്തീകരിച്ചാൽ ടോൾ പിരിക്കാമെന്നാണ് അവർ പറഞ്ഞത്. ബന്ധപ്പെട്ടവർ എഗ്രിമെന്റ് പ്രകാരം പരിശോധിച്ചാൽ അക്കാര്യങ്ങളൊക്കെ നടന്നിട്ടുണ്ടാകും. പക്ഷേ സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത കാര്യങ്ങളൊന്നും അവിടെയുണ്ടാവില്ല. അങ്ങനെയുള്ള അപാകത അവിടെയുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഫണ്ട് ആവശ്യപ്പെടുമ്പോൾ സംസ്ഥാനത്തിന്റെ ആവശ്യകത കൂടുതലാണെന്നാണ് കേന്ദ്ര സർക്കാർ പറയുന്നത്. ഓരോ സ്ട്രക്ചറിലും 50 അടിപ്പാത വേണം,

## *Calling Attention*

എലവേറ്റഡ് പാത വേണം അല്ലെങ്കിൽ ഫൂട്ട് ബ്രിഡ്ജ് വേണം. ഇതൊക്കെയാണ് കേരളത്തിന്റെ ആവശ്യങ്ങൾ; ഇതൊക്കെക്കൂടി എങ്ങനെയാണ് നടക്കുന്നതൊണ് ബഹു. കേന്ദ്രമന്ത്രി എന്നോട് ചോദിച്ചത്. എന്നാലും സംസ്ഥാനത്തിന്റെ ആവശ്യങ്ങളൊക്കെ നടക്കണമല്ലോയെന്നും കേരളം മറ്റ് സംസ്ഥാനങ്ങളെപ്പോലെ അല്ലെന്നും ഞാൻ പറഞ്ഞു. ബഹു. സുപ്രീം കോടതി വിധിപ്രകാരം റോഡിന്റെ മധ്യഭാഗത്തുനിന്ന് 40 മീറ്റർ വീതി വേണമെന്ന നിബന്ധന സംസ്ഥാനത്ത് നടപ്പാക്കാൻ കഴിയുമോ; ഗോവയിൽ നടപ്പിലാക്കാൻ കഴിയുമോ; കഴിയില്ല. സംസ്ഥാന സർക്കാർ അതിനെതിരായി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ അഫിഡവിറ്റ് സമർപ്പിച്ചിട്ടുണ്ട്. അരൂർ-തുറവൂർ എലിവേറ്റഡ് പാത 2027 ജനുവരിയിൽ നിർമ്മാണം പൂർത്തീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അവിടെ നിരവധി അപകടങ്ങൾ നടക്കുന്നുണ്ടെന്നത് വസ്തുതയാണ്. ഇതുമായി ബന്ധപ്പെട്ട് മന്ത്രിയെന്ന നിലയിൽ ആർ.ഒ-മാരും പി.ഡി.-മാരുമായി മൂന്ന് തവണ മീറ്റിങ് നടത്തുകയുണ്ടായി. ഇതിനുപുറമെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബന്ധപ്പെട്ട എൻ.എച്ച്.എ.ഐ (നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ) ഉദ്യോഗസ്ഥരെയും സെക്രട്ടറിമാരെയും വിളിച്ചു ചേർത്ത് ജൂലൈ മാസത്തിൽ

## *Calling Attention*

ഒരു മീറ്റിങ് വിളിച്ചുചേർക്കുകയും ചർച്ച നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണപ്രവൃത്തി ത്വരിതഗതിയിൽ പൂർത്തിയാക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. എല്ലാവർക്കും അറിയാവുന്നതുപോലെ വടകര അഴിയൂർ (മലബാർ) മേഖലയിലെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് രണ്ട്-രണ്ടര മണിക്കൂറാണ് അവിടെ ഗതാഗതകുരുക്ക് അനുഭവപ്പെടുന്നത്. ആദ്യം അദാനി ഗ്രൂപ്പ് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുക്കുകയും തുടർന്ന് സബ് കരാർ നൽകുകയും അതിനുശേഷം ടെർമിനേറ്റ് ചെയ്യുകയുമുണ്ടായി. മറ്റൊരു കമ്പനി കോൺട്രാക്ട് ഏറ്റെടുത്തെങ്കിലും അവരും ടെർമിനേറ്റ് ചെയ്തു. മൂന്നാമതായി ടി വർക്ക് ഗൾഫാർ ഇൻഫ്രാസ്ട്രക്ചർ ആൻഡ് കോൺട്രാക്റ്റിങ് ഏജൻസി ഏറ്റെടുക്കുകയും പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 2028 മാർച്ച് 31 വരെ കാലാവധി നൽകുകയും ചെയ്തു. ടി കമ്പനി പ്രവൃത്തി ആരംഭിച്ചിട്ട് രണ്ട് ആഴ്ച മാത്രമെ ആയിട്ടുള്ളൂ. ഇതാണ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി. ബഹുമാനപ്പെട്ട മുൻ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചപോലെ ഇത് വളരെ ഗൗരവതരമായ വിഷയമാണ്. വളരെ മന്ദഗതിയിലാണ് വർക്ക് നടക്കുന്നത്. 2026-ൽ പണി പൂർത്തിയാക്കുമെന്ന്

വിചാരിച്ചെങ്കിലും 2027-ലും 2028-ലും തീരാത്തൊരവസ്ഥയാണ്. ഞാൻ എൻ.എച്ച്.എ.ഐ-യെ സപ്പോർട്ട് ചെയ്യുകയല്ല, യാഥാർത്ഥ്യം പറയുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർ കൂടി കേൾക്കണം. ഈ വർക്കുകൾ ഏറ്റെടുക്കുന്ന കോൺട്രാക്ടർമാർ ആരുംതന്നെ കേരളം എന്ന സ്ഥലം കണ്ടിട്ടില്ല. ഇതിന്റെ കോൺട്രാക്ടർമാരോ ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥരോ നാളിതുവരെ കേരളം കണ്ടിട്ടില്ല. ഞാൻ ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രിയോട് ഇക്കാര്യം തുറന്നുപറഞ്ഞിട്ടുണ്ട്. സൈറ്റ് കാണാൻ ആരെങ്കിലും വരണ്ടേ, എന്നാലല്ലേ നാട്ടിലെ പ്രശ്നങ്ങളും പ്രയാസങ്ങളുമൊക്കെ അറിയാൻ കഴിയുകയുള്ളൂ. ഇവിടെ എന്തെങ്കിലും പ്രശ്നങ്ങളുണ്ടാകുമ്പോൾ അവരുമായി ബന്ധപ്പെടാൻ ശ്രമിച്ചാൽ പി.ഡി-മാരും ആർ.ഒ-മാരുമാണ് വരുന്നത്. ബന്ധപ്പെട്ട കോൺട്രാക്ടറെ മീറ്റിങ്ങിൽ വിളിച്ചുവരുത്താമെന്ന് വിചാരിച്ചാൽ ജൂനിയർ ഉദ്യോഗസ്ഥർ ആരെങ്കിലും ആയിരിക്കും വരുന്നത്. യോഗത്തിൽ നമ്മൾ പറയുന്നതൊക്കെ കേട്ട് അവർ പോകുന്നുവെന്നല്ലാതെ വർക്കിൽ യാതൊരു പുരോഗതിയും ഉണ്ടാകുന്നില്ല. ഈ സമീപനത്തിൽ മാറ്റം വരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ എം.സി. റോഡിന്റെ കാര്യം വളരെ ഗൗരവമായി

എടുത്തിട്ടുണ്ട്. അത് രണ്ട് സ്ട്രെച്ചാണ്. തിരുവനന്തപുരം-ചെങ്ങന്നൂർ റോഡ് നിർമ്മാണപ്രവൃത്തി കെ.എസ്.ടി.പി.-യുടെ കീഴിലാണ് നടക്കുന്നത്. അതിന്റെ മെയിന്റനൻസിന് ഏഴ് കോടി രൂപ താൽക്കാലികമായി നൽകിയിട്ടുണ്ട്. രണ്ടാമത്തേത്, കോട്ടയം-അങ്കമാലി റോഡാണ്. എൻ.എച്ച്.എ.ഐ.-യുടെ കീഴിലാണ് ടി പ്രവൃത്തി നടക്കുന്നത്. കഴക്കൂട്ടം-അടൂരിനും ഏഴുകോടി രൂപ താൽക്കാലികമായി അനുവദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ എം.സി. റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് എം.എൽ.എ.-മാർ, എം.പി-മാർ എന്നിവരുടെ യോഗം ഈ മാസം വിളിച്ചുകൂട്ടുന്നുണ്ട്.

<u>മി.സ്പീക്കർ:</u> ബഹുമാനപ്പെട്ട മിനിസ്റ്റർ, കേരളത്തിലെ നമ്പർ വൺ റോഡാണ് എം.സി. റോഡ്. സ്റ്റേറ്റ് ഹൈവേ നമ്പർ വൺ-ആണ്. പക്ഷേ അതിന് കിട്ടേണ്ട പ്രയോറിറ്റി ലഭിക്കുന്നില്ല എന്നൊരു ആക്ഷേപം മധ്യകേരളത്തിലെ മുഴുവൻ ആളുകൾക്കുമുണ്ട്. അതുകൊണ്ട് അങ്ങ് അതിനാവശ്യമായ പ്രാധാന്യം നൽകണമെന്നാണ് ചെയറിന്റെ അഭിപ്രായം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. ബഷീർ</u>): സർ, ഞാൻ എന്റെ ചെറുപ്പകാലത്ത് കേട്ടത് രണ്ട് റോഡാണ്. ഒന്ന് എം.ജി റോഡ്, രണ്ട്

എം.സി. റോഡ്. നിങ്ങളൊക്കെ അധികാരത്തിലിരുന്നപ്പോൾ നടക്കാത്ത കാര്യം എന്റെ കാലത്ത് നടത്താൻ പറ്റുമോയെന്ന് ഞാൻ നോക്കട്ടെ.

മി.സ്പീക്കർ: നന്ദി.

ശ്രീ. പി. കെ. ബഷീർ: സർ, അതാണല്ലോ. ഇതിന്റെ കൂട്ടത്തിൽ ഞങ്ങളുടെ കാര്യങ്ങളും കൂടി കാണണം. കാസർഗോഡ്, പാലക്കാട്, എറണാകുളം, കൂടി കാണണം. ഗതാഗതകുരുക്ക് ഒഴിവാക്കാനും അടിസ്ഥാന സൗകര്യം വർധിപ്പിക്കാനും കക്ഷി രാഷ്ട്രീയത്തിനതീതമായ ഒരുമിച്ച് മുന്നോട്ടുപോകാം. ആവശ്യമായ ഫണ്ടും കാര്യങ്ങളുമൊക്ക ലഭ്യമാക്കും. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കാം. അദ്ദേഹം ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ കൊട്ടാരക്കരയ്ക്കാവശ്യമായ ഫണ്ടും കാര്യങ്ങളും കൊടുത്തു. 5217 കോടി ബജറ്റിൽ പ്രഖ്യാപിച്ചതേയുള്ളൂ, പണം എവിടെയും വച്ചിട്ടില്ല. കിഫ്ബി-യുടെ സാമ്പത്തിക സ്ഥിതിയനുസരിച്ച് അക്കാര്യം പരിഹരിക്കാമെന്നുകൂടി സഭയെ അറിയിക്കുകയാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അങ്ങ് ഈ റോഡുകളോട് കാണിക്കുന്ന താൽപര്യം പ്രത്യേകിച്ച് എം.സി. റോഡിന്റെ കാര്യത്തിൽ

## *Calling Attention*

വളരെ സജീവമായി ഇടപെടുമെന്ന് പറഞ്ഞതിൽ സന്തോഷമുണ്ട്. ഈ ഏഴുകോടി രൂപ റീ-സർഫസിങ്ങിനുപോലും തികയില്ല. പ്രാഥമികമായിട്ടായിരിക്കും തുക വകയിരുത്തിയിരിക്കുന്നത് എന്നുകരുതുന്നു. അതിനെ കുറച്ചുകൂടി ഗൗരവപ്പെടുത്തുകയും കൊട്ടാരക്കരയിലെ കാര്യം, ഞാൻ ബജറ്റിൽ പറഞ്ഞ അയ്യായിരത്തിഇരുന്നൂറ്റി ചില്വാനം കോടി രൂപ കിഫ്ബിയുടെതാണ്. പൊതുവായി പരിശോധിച്ചിട്ടുമതി. പക്ഷേ എന്തായാലും ആ തുക വളരെ വലിയ തുകയല്ല. കാരണം ഇത്രയും വലിയ റോഡിന് അത്രയും വലിയ തുക വേണ്ടിവരും. കൊട്ടാരക്കര ബൈപ്പാസ്, വെഞ്ഞാറമൂട്ടിൽ ചെയ്യുന്ന സമയത്ത് തന്നെ കൊടുത്തതാണ്. കൊട്ടാരക്കരയിൽ സ്ഥലമെടുക്കുന്നതിന് നടപടിക്രമങ്ങളായി. പ്രാഥമികമായി കുറച്ച് പണം കളക്ടറുടെ അക്കൗണ്ടിലേക്ക് പോയിട്ടുണ്ട്. അതിന്റെ നടപടിക്രമം പൂർത്തീകരിക്കുക, പ്രഥമിക ഡി.പി.ആർ-ആയിട്ടുണ്ട്. സാധാരണഗതിയിൽ രണ്ട് മണിക്കൂർ മൂന്ന് മണിക്കൂറാണ് അവിടെ ബ്ലോക്കായിപ്പോകുന്നത്. ബൈപ്പാസിന്റെ നിർമ്മാണം എത്രയുംവേഗം ആരംഭിക്കാൻ സാധിക്കുമോയെന്നുള്ള കാര്യംകൂടി ചോദിക്കുകയാണ്.

<u>ശ്രീ. പി. കെ. ബഷീർ</u>: കൊട്ടാരക്കര ബൈപ്പാസിന്റെ കാര്യം നേരത്തെ

*13-10-2026*

*Calling Attention*

സൂചിപ്പിച്ചതുപോലെ 254 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ ആദ്യഘട്ട തുകയായ 22.62 കോടി രൂപ കളക്ടറുടെ അക്കൗണ്ടിലേക്ക് റിലീസ് ചെയ്തിട്ടുണ്ട്. 2026 ജനുവരി 13 മുതൽ ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അടിയന്തരമായി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള നടപടിയുണ്ടാകും.